"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - നഗരസഭകൾ /നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകാൻ നിഷ്കർഷിച്ചിട്ടുള്ള ഭൂമിയുടെ കുറഞ്ഞ വിസ്തൃതി പുനർനിശ്ചയിച്ചും, വീട് നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിന് നിലവിൽ അനുവദിക്കാവുന്ന തുകയ്ക്ക് ഉപരിയായി തുക അനുവദിക്കുന്നതിന് അനുമതി നൽകിയും - സബ്സിഡി മാർഗ്ഗരേഖ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.136/2025/LSGD തീയതി,തിരുവനന്തപുരം, 08-08-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.2324/2024/തസ്വഭവ; തീയതി 29.11.2024
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.03.2025, 26.05.2025 തീയതികളിലെ LSGD/PD/63463/2023-EPEP1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഖണ്ഡിക 6.7 പ്രകാരം ഭവന നിർമ്മാണത്തിനും, ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനും ധനസഹായം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിനാണ് ധനസഹായം നൽകാവുന്നത്.

2. അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട വീടും സ്ഥലവും ആവശ്യമുള്ളവരിൽ മുനിസിപ്പാലിറ്റി, നഗര സ്വഭാവമുള്ള പഞ്ചായത്തുകൾ എന്നിങ്ങനെ 152 തദ്ദേശ സ്ഥാപനങ്ങളിലായി 1067 കുടുംബങ്ങൾ കരാർ വെയ്ക്കാൻ ബാക്കിയുണ്ടെങ്കിലും സ്ഥലത്തിന്റെ ദൗർലഭ്യവും ഭൂമിയുടെ വിലയും കാരണം അതിദരിദ്ര പട്ടികയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് പലപ്പോഴും അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കാതെവരുന്ന സാഹചര്യമാണെന്നും, അതിനാൽ നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ വീട് നിർമ്മാണത്തിന് തുക അനുവദിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള ഭൂമിയുടെ കുറഞ്ഞ വിസ്തൃതി 3 സെന്റിൽ നിന്നും 2 സെന്റായി കുറയ്ക്കുന്നത് പരിഗണിക്കണമെന്നും, ഇവിടങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ആവശ്യമായ ഭൂമി വാങ്ങുന്നതിന് വാർഷിക പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം നിലവിൽ അനുവദിക്കുന്ന തുകയ്ക്ക് ഉപരിയായി പരമാവധി 2 ലക്ഷം രൂപ

കൂടി നൽകുന്നതിന് അനുമതി നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭകൾ /നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ ഭവന നിർമ്മാണത്തിനുള്ള ഭൂമിയിൽ ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് കൊണ്ട് ഭവന നിർമ്മാണം നടത്താൻ സാധിക്കുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന നിബന്ധനയോടെ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് ആവശ്യമായ ഭൂമിയുടെ കുറഞ്ഞ വിസ്തൃതി 3 സെന്റിൽ നിന്നും 2 സെന്റായി നിശ്ചയിച്ച് ഉത്തരവാകുന്നു.

4. നഗരസഭകൾ /നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ വീട് നിർമ്മാണത്തിന് റവന്യൂ ഭൂമിയോ മറ്റൊരു തരത്തിലുമുള്ള ഭൂമിയോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രം, ആവശ്യമായ ഭൂമി വാങ്ങുന്നതിന് പരാമർശം 1 മാർഗ്ഗരേഖ പ്രകാരം നിലവിൽ അനുവദിക്കാവുന്ന തുകയ്ക്ക് ഉപരിയായി, ആവശ്യകതയ്ക്കനുസരിച്ച്, പരാമർശം 2 ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് കൂടി വിധേയമായി, അതിദരിദ്ര കുടുംബങ്ങൾക്ക് മാത്രമായി പരമാവധി 2 ലക്ഷം രൂപ കൂടി നൽകുന്നതിനും അനുമതി നൽകുന്നു. മേൽ ഖണ്ഡിക 3, 4 പ്രകാരം ഭൂമിയുടെ വിസ്തൃതിയിൽ ഇളവും, തുകയും അനുവദിച്ചാൽ വീടും സ്ഥലവും പന്ത്രണ്ട് വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. സ്റ്റേറ്റ് നോഡൽ ഓഫീസർ, ഇ.പി.ഇ.പി. സെൽ
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
23. പൊതുഭരണ (എസ്.സി. ) വകുപ്പ് (ഇനം 3165, തീയതി 06.08.2025)
24. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by Viraj K
Date: 08-08-2025 20:51:20

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - സ.ഉ.(കൈ) നം.134/2025/LSGD; തീയതി 08.08.2025 ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(കൈ) നം.137/2025/LSGD തീയതി,തിരുവനന്തപുരം, 08-08-2025

---

പരാമർശം:- 1. സ.ഉ.(കൈ) നം.134/2025/LSGD; തീയതി 08.08.2025

**ഉത്തരവ്**

നഗരസഭകൾ /നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകാൻ നിഷ്കർഷിച്ചിട്ടുള്ള ഭൂമിയുടെ കുറഞ്ഞ വിസ്തൃതി പുനർനിശ്ചയിച്ചും, വീട് നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിന് നിലവിൽ അനുവദിക്കാവുന്ന തുകയ്ക്ക് ഉപരിയായി തുക അനുവദിക്കുന്നതിന് അനുമതി നൽകിയും പുറപ്പെടുവിച്ച പരാമർശിത ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. സ്റ്റേറ്റ് നോഡൽ ഓഫീസർ, ഇ.പി.ഇ.പി. സെൽ
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും

15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
23. പൊതുഭരണ (എസ്.സി. ) വകുപ്പ് (ഇനം 3165, തീയതി 06.08.2025)
24. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by Viraj K
Date: 08-08-2025 20:56:59

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - നഗരസഭകൾ/നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകാൻ നിഷ്കർഷിച്ചിട്ടുള്ള ഭൂമിയുടെ കുറഞ്ഞ വിസ്തൃതി പുനർനിശ്ചയിച്ചും, വീട് നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിന് നിലവിൽ അനുവദിക്കാവുന്ന തുകയ്ക്ക് ഉപരിയായി തുക അനുവദിക്കുന്നതിന് അനുമതി നൽകിയും - സബ്സിഡി മാർഗ്ഗരേഖ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.134/2025/LSGD തീയതി,തിരുവനന്തപുരം, 08-08-2025

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.2324/2024/തസ്വഭവ; തീയതി 29.11.2024
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.03.2025, 26.05.2025 തീയതികളിലെ LSGD/PD/63463/2023-EPEP1 നമ്പർ കത്തുകൾ

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഖണ്ഡിക 6.7 ഉപഖണ്ഡിക 2 പ്രകാരം ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിനാണ് ധനസഹായം നൽകാവുന്നത്.

2. അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട വീടും സ്ഥലവും ആവശ്യമുള്ളവരിൽ മുനിസിപ്പാലിറ്റി, നഗര സ്വഭാവമുള്ള പഞ്ചായത്തുകൾ എന്നിങ്ങനെ 152 തദ്ദേശ സ്ഥാപനങ്ങളിലായി 1067 കുടുംബങ്ങൾ കരാർ വയ്ക്കാൻ ബാക്കിയുണ്ടെങ്കിലും സ്ഥലത്തിന്റെ ദൗർലഭ്യവും ഭൂമിയുടെ വിലയും കാരണം അതിദരിദ്ര പട്ടികയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് പലപ്പോഴും അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കാതെവരുന്ന സാഹചര്യമാണെന്നും, അതിനാൽ നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ വീട് നിർമ്മാണത്തിന് തുക അനുവദിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള ഭൂമിയുടെ കുറഞ്ഞ വിസ്തൃതി 3 സെന്റിൽ നിന്നും 2 സെന്റായി കുറയ്ക്കുന്നത് പരിഗണിക്കണമെന്നും, ഇവിടങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ആവശ്യമായ ഭൂമി വാങ്ങുന്നതിന് വാർഷിക പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം നിലവിൽ അനുവദിക്കുന്ന തുകയ്ക്ക് ഉപരിയായി പരമാവധി 2 ലക്ഷം രൂപ

കൂടി നൽകുന്നതിന് അനുമതി നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭവന നിർമ്മാണത്തിനുള്ള ഭൂമിയിൽ ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് കൊണ്ട് ഭവന നിർമ്മാണം നടത്താൻ സാധിക്കുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന നിബന്ധനയോടെ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് ആവശ്യമായ ഭൂമിയുടെ കുറഞ്ഞ വിസ്തൃതി 3 സെന്റിൽ നിന്നും 2 സെന്റായി നിശ്ചയിച്ച് ഉത്തരവാകുന്നു.

4. വീട് നിർമ്മാണത്തിന് റവന്യൂ ഭൂമിയോ മറ്റൊരു തരത്തിലുമുള്ള ഭൂമിയോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രം, ആവശ്യമായ ഭൂമി വാങ്ങുന്നതിന് പരാമർശം 1 മാർഗ്ഗരേഖ പ്രകാരം നിലവിൽ അനുവദിക്കാവുന്ന തുകയ്ക്ക് ഉപരിയായി, ആവശ്യകതയ്ക്കനുസരിച്ച്, പരാമർശം 2 ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് കൂടി വിധേയമായി, അതിദരിദ്ര കുടുംബങ്ങൾക്ക് മാത്രമായി പരമാവധി 2 ലക്ഷം രൂപ കൂടി നൽകുന്നതിനും അനുമതി നൽകുന്നു. മേൽ ഖണ്ഡിക 3, 4 പ്രകാരം ഭൂമിയുടെ വിസ്തൃതിയിൽ ഇളവും, തുകയും അനുവദിച്ചാൽ വീടും സ്ഥലവും പന്ത്രണ്ട് വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. സ്റ്റേറ്റ് നോഡൽ ഓഫീസർ, ഇ.പി.ഇ.പി. സെൽ
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം 3165, തീയതി 06.08.2025)
24. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 08-08-2025 16:45:18

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

-61-

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 06-08-2025**

ഫയൽ നം. തസ്വഭവ-ഐഎ1/75/2025/തസ്വഭവ. ഇനം നം: 3165

വിഷയം : തദ്ദേശ-സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരമുള്ള വീടും സ്ഥലവും ആവശ്യമുള്ള അതിദരിദ്ര കുടുംബങ്ങൾക്ക് ആയത് ലഭ്യമാക്കുന്ന നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ്ഗ രേഖയുടെ ഖണ്ഡിക 6.7-ൽ ഇളവ് അനുവദിക്കുന്നത്.

തീരുമാനം : വീടും സ്ഥലവും പന്ത്രണ്ട് വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയോടുകൂടി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

-45-

3165

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : തസ്വഭവ-ഐഎ 1/75/2025-തസ്വഭവ. |
| 2 | വകുപ്പ് | : തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്. |
| 3 | വിഷയം | : തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരമുള്ള വീടും സ്ഥലവും ആവശ്യമുള്ള അതിദരിദ്ര കുടുംബങ്ങൾക്ക് ആയത് ലഭ്യമാക്കുന്ന നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.7 ൽ ഇളവ് അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 28/06/2025. |
| 5(i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| (ii) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. ലാലി കെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ . പുനീത് കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 29/07/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 31/07/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. എം.ബി. രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 31/07/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 01/08/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും. | : |

-47-

**<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>**

നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരമുള്ള വീടും സ്ഥലവും ആവശ്യമുള്ള അതിദരിദ്ര കുടുംബങ്ങൾക്ക് ആയത് ലഭ്യമാക്കുന്ന നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി സബ്സിഡി മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചുകൊണ്ടുള്ള 28/05/2022-ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 6.7-ൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരെയും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021 -ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം. 16.07.2021 തീയതിയിലെ സ.ഉ. (കൈ) നമ്പർ 145/2021-തസ്വഭവ പ്രകാരം അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു ആയത് പ്രകാരം സർവേ നടപടികൾ 2021 ജൂലൈ മാസത്തിൽ ആരംഭിച്ച് 2022 ഫെബ്രുവരി മാസത്തിൽ അവസാനിച്ചു തദ്ദേശ സ്ഥാപന തലത്തിലും ഡിവിഷൻ/വാർഡ് തലങ്ങളിലും സാമൂഹിക സംഘടനകൾ, വിഷയമേഖലാ വിദഗ്ധർ, എന്നിവരെ പങ്കെടുപ്പിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ മുഖേന തയ്യാറാക്കിയ അതിദരിദ്രരുടെ പ്രാഥമിക പട്ടികയിന്മേൽ വിശദമായ വിവരശേഖരണം നടത്തി കുടുംബങ്ങളെ സംബന്ധിച്ച ഡാറ്റാ സൂപ്പർ ചെക്ക് നടത്തി കുറ്റമറ്റതാക്കി, ഓരോ തദ്ദേശസ്ഥാപനത്തിന്റെയും ഗ്രാമ/വാർഡ്

സഭകളുടെയും തദ്ദേശ സ്ഥാപനത്തിന്റെ തന്നെയും അംഗീകാരത്തോടെയാണ് അന്തിമ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. **ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം** എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്ത് 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. 08.07.2022 തീയതിയിലെ സ.ഉ. (കൈ) നമ്പർ 146/2022-തസ്വഭവ പ്രകാരം അതിദരിദ്ര കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിന് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു

3. 03.03.2025 തീയതിയിലെ കണക്ക് പ്രകാരം അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട വീടും സ്ഥലവും ആവശ്യമുള്ളവരിൽ ഇനി കരാർ വയ്ക്കുവാൻ ബാക്കിയുള്ളത് 2991 കുടുംബങ്ങളാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. നിലവിലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ളവർക്കാണ് വീട് നിർമ്മാണത്തിനായി ധനസഹായം അനുവദിക്കുന്നത് എന്നും 3 സെന്റ് ഭൂമി വാങ്ങുന്നതിനായി ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകളിൽ 2 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് 2.70 ലക്ഷം രൂപയും കോർപറേഷനുകളിൽ 5.25 ലക്ഷം രൂപയുമാണ് നൽകുന്നത് എന്നും നിലവിൽ മുനിസിപ്പാലിറ്റി, നഗര സ്വഭാവമുള്ള പഞ്ചായത്തുകൾ എന്നിങ്ങനെ 152 തദ്ദേശ സ്ഥാപനങ്ങളിലായി 1067 കുടുംബങ്ങൾ കരാർ വയ്ക്കാൻ ബാക്കിയുണ്ടെങ്കിലും സ്ഥലത്തിന്റെ ദൗർലഭ്യവും ഭൂമിയുടെ വിലയും കാരണം ടി ഗുണഭോക്താക്കൾക്ക് പലപ്പോഴും അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കാതെ വരുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദിരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ആവശ്യമായ ഭൂമി വാങ്ങുന്നതിന് മാത്രമായാണ് സബ്സിഡി മാർഗ്ഗരേഖയിൽ ഇളവ് അനുവദിച്ച്

അധിക തുക ആവശ്യപ്പെട്ടിരിക്കുന്നതെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നിലവിലെ പുരോഗതി റിപ്പോർട്ട് പ്രകാരം **ഭക്ഷണം, ആരോഗ്യം, വരുമാനം** എന്നീ ക്ലേശഘടകങ്ങൾ പരിഹരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇനി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിയ്ക്കുവാനുള്ളത് **3389** കുടുംബങ്ങൾ മാത്രമാണ്. ഇതിൽ ഏറിയ പങ്കം സുരക്ഷിതമായ വാസസ്ഥലം (വസ്തുവും വീടും/ വീട് മാത്രം/ നിലവിലെ വീടുകളുടെ പുനരുദ്ധാരണം) ആവശ്യമുള്ളവരുമാണ്. മറ്റ് ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഭൂമിയുടെ ലഭ്യത, പദ്ധതി പൂർത്തീകരണത്തിന് വെല്ലുവിളിയാണെന്നും ആയതിനാൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലുൾപ്പെട്ട ഭൂരഹിതരായ അതിദരിദ്രർക്കു വീടും സ്ഥലവും ലഭ്യമാക്കുന്നതിന് 28/05/2022-ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.7-ൽ താഴെപ്പറയുന്ന ഭേദഗതി ശിപാർശകൾ പരിഗണിക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്-

i. നഗരസഭകൾ, നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് തുക അനുവദിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള ഭൂമിയുടെ കുറഞ്ഞ വിസ്തൃതി 3 സെന്റിൽ നിന്നും 2 സെന്റായി കുറയ്ക്കാവുന്നതാണ്.

ii. നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ആവശ്യമായ ഭൂമി വാങ്ങുന്നതിന് വാർഷിക പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം നിലവിൽ അനുവദിക്കുന്ന തുകയ്ക്ക് ഉപരിയായി പരമാവധി 2 ലക്ഷം രൂപ കൂടി നൽകുന്നതിന് അനുമതി നൽകാവുന്നതാണ്.

5. മേൽ ശിപാർശ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയതിൽ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അറിയിച്ചിട്ടുണ്ട്.

"29-11-2024-ലെ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി അതിദാരിദ്ര്യ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്കായി ചുവടെ പറയുന്ന ഭേദഗതി അംഗീകരിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു-

i. നഗരസഭകൾ, നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് തുക അനുവദിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള ഭൂമിയുടെ കുറഞ്ഞ വിസ്തൃതി 3 സെന്റിൽ നിന്നും 2 സെന്റായി കുറയ്ക്കാവുന്നതാണ്.

ii. നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ആവശ്യമായ ഭൂമി വാങ്ങുന്നതിന് വാർഷിക പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം നിലവിൽ അനുവദിക്കുന്ന തുകയ്ക്ക് ഉപരിയായി പരമാവധി 2 ലക്ഷം രൂപ കൂടി നൽകുന്നതിന് അനുമതി നൽകാവുന്നതാണ്.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6. അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിക്കായി 2024-25 ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അനുവദിക്കുന്നതിനായി 19/11/2024-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 29.11.2024-ലെ സ.ഉ(സാധാ)നം.2324/2024/തസ്വഭവ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ളതാണ്.

1. Assistance to House under this scheme shall be provided only to EPEP beneficiaries under Life mission.
2. Duplication of state share to the same beneficiary under Life Mission shall be avoided.

7. 28/05/**2022-ലെ സ.ഉ.(കൈ)നം.**115/**2022/**തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7-ൽ താഴെപ്പറയും പ്രകാരം ഇളവ് അനുവദിക്കുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുള്ളത്.

**6.7 ഭവന നിർമ്മാണം - പുനരുദ്ധാരണം - വയറിംഗ്**

| **നിലവിലുള്ള മാനദണ്ഡങ്ങൾ** | | | | | നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം വീട്ടും സ്ഥലവും ആവശ്യമുള്ള അതിദരിദ്ര കുടുംബങ്ങൾക്ക് മാത്രമായി ശുപാർശ ചെയ്തിരിക്കുന്ന ഇളവുകൾ. |
|---|---|---|---|---|---|
| ക്രമ നം. | ഇനം | കാറ്റഗറി | സബ്സിഡി / ധനസഹായം പരമാവധി | മാനദണ്ഡങ്ങൾ / പ്രവർത്തനങ്ങൾ | |
| 1 | ഭവന നിർമ്മാണം | എല്ലാ വിഭാഗങ്ങൾക്കും | 4 ലക്ഷം രൂപ | ലൈഫ് മിഷൻ വ്യവസ്ഥകൾ ബാധകം | ഭവന നിർമ്മാണത്തിനുള്ള ഭൂമിയിൽ ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് കൊണ്ട് ഭവന നിർമ്മാണം നടത്താൻ സാധിക്കുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന നിബന്ധനയോടെ ഭവന നിർമ്മാണത്തിന് ധനസഹായം നല്കുന്നതിന് |

| | | | | | |
|---|---|---|---|---|---|
| | | | | | ആവശ്യമായ ഭൂമിയുടെ കുറഞ്ഞ വിസ്തൃതി 3 സെന്റിൽ നിന്നും 2 സെന്റായി കുറയ്ക്കണം |
| 2 | ഭൂരഹിത ഭവന രഹിതർക്ക് ഭൂമി | **എ. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ** | | ലൈഫ് മിഷൻ വ്യവസ്ഥകൾ ബാധകം | വീട് നിർമ്മാണത്തിന് റവന്യൂ ഭൂമിയോ മറ്റൊരു തരത്തിലുമുള്ള ഭൂമിയോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രം, ആവശ്യമായ ഭൂമി വാങ്ങുന്നതിന് നിലവിൽ അനുവദിക്കുന്ന തുകയ്ക്ക് ഉപരിയായി ആവശ്യകതയ്ക്കനുസരിച്ച് 29.11.2024-ലെ സ.ഉ(സാധാ) ന ◌ം.2324/2024/തസ്വഭവ പ്രകാരമുള്ള വ്യവസ്ഥകൾക്ക് കൂടി വിധേയമായി അതിദരിദ്ര കുടുംബങ്ങൾക്ക് മാത്രമായി പരമാവധി 2 ലക്ഷം രൂപ കൂടി നൽകണം. |
| | | ജനറൽ വിഭാഗം | 3 സെന്റിൽ കുറയാത്ത് ഭൂമിക്ക് പരമാവധി 2.00 ലക്ഷം രൂപ | | |
| | | പട്ടികജാതി വിഭാഗം | 3 സെന്റിൽ കുറയാത്ത് ഭൂമിക്ക് പരമാവധി 2.25 ലക്ഷം രൂപ | | |
| | | പട്ടികവർഗ്ഗ വിഭാഗം | 3 സെന്റിൽ കുറയാത്ത് ഭൂമിക്ക് പരമാവധി 2.25 ലക്ഷം രൂപ | | |
| | | **ബി. മുനിസിപ്പൽ പ്രദേശങ്ങളിൽ** | | | |
| | | ജനറൽ വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 2.70 ലക്ഷം രൂപ | | |
| | | പട്ടികജാതി വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 3.00 ലക്ഷം രൂപ | | |
| | | പട്ടികവർഗ്ഗ വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 3.00 ലക്ഷം രൂപ | | |
| | | **സി. കോർപ്പറേഷൻ പ്രദേശങ്ങളിൽ** | | | |
| | | ജനറൽ വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് | | |

| | | | | | |
|---|---|---|---|---|---|
| | | | പരമാവധി 5.25 ലക്ഷം രൂപ | | |
| | | പട്ടികജാതി വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 6.00 ലക്ഷം രൂപ | | |
| | | പട്ടികവർഗ്ഗ വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 6.00 ലക്ഷം രൂപ | | |

8. ഈ സാഹചര്യത്തിൽ നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരമുള്ള വീടും സ്ഥലവും ആവശ്യമുള്ള അതിദരിദ്ര കുടുംബങ്ങൾക്ക്, ആയത് ലഭ്യമാക്കുന്ന നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായി സബ്സിഡി മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചുകൊണ്ടുള്ള 28/05/2022-ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 6.7-ൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി

## തീരുമാനിക്കേണ്ട വിഷയം

28/05/2022-ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ (അനുബന്ധം-1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഭൂമി വാങ്ങുന്നതും ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഖണ്ഡിക 6.7-ലെ നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം വീടും സ്ഥലവും

ആവശ്യമുള്ള അതിദരിദ്ര കുടുംബങ്ങൾക്ക് മാത്രമായി ചുവടെ ചേർത്തിട്ടുള്ള ഇളവുകൾ അനുവദിച്ച് ഉത്തരവാകാമോ?

(i) ഭവന നിർമ്മാണത്തിനുള്ള ഭൂമിയിൽ ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് കൊണ്ട് ഭവന നിർമ്മാണം നടത്താൻ സാധിക്കുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന നിബന്ധനയോടെ ഭവന നിർമ്മാണത്തിന് ധനസഹായം നല്കുന്നതിന് ആവശ്യമായ ഭൂമിയുടെ കുറഞ്ഞ വിസ്തൃതി 3 സെന്റിൽ നിന്നും 2 സെന്റായി കുറയ്ക്കാമോ?

(ii) വീട് നിർമ്മാണത്തിന് റവന്യൂ ഭൂമിയോ മറ്റൊരു തരത്തിലുമുള്ള ഭൂമിയോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രം, ആവശ്യമായ ഭൂമി വാങ്ങുന്നതിന് നിലവിൽ അനുവദിക്കുന്ന തുകയ്ക്ക് ഉപരിയായി ആവശ്യകതയ്ക്കനുസരിച്ച് 29.11.2024-ലെ സ.ഉ(സാധാ) നം.2324/2024/തസ്വഭവ (അനുബന്ധം-2) പ്രകാരമുള്ള വ്യവസ്ഥകൾക്ക് കൂടി വിധേയമായി അതിദരിദ്ര കുടുംബങ്ങൾക്ക് മാത്രമായി പരമാവധി 2 ലക്ഷം രൂപ കൂടി നൽകാമോ?

-55-

<u>അനുബന്ധം - 1</u>

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് – പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം.115/2022/LSGD** **തിരുവനന്തപുരം, തീയതി: 28.05.2022**

പരാമർശം: 1. സ.ഉ(കൈ) നം. 84/2022/തസ്വഭവ തീയതി 19.04.2022
2. സ.ഉ(കൈ) നം 86/2022/തസ്വഭവ തീയതി 19.04.2022

**ഉത്തരവ്**

തദ്ദേശഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ മുകളിൽ പരാമർശിട്ടുള്ള ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾക്ക് തുടർച്ചയായി, തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള മാർഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

## 6.7 ഭവന നിർമ്മാണം – പുനരുദ്ധാരണം - വയറിംഗ്

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി / ധനസഹായം പരമാവധി | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | ഭവന നിർമ്മാണം | എല്ലാ വിഭാഗങ്ങൾക്കും | 4 ലക്ഷം രൂപ | ലൈഫ് മിഷൻ വ്യവസ്ഥകൾ ബാധകം. |
| 2 | ഭൂരഹിത ഭവന രഹിതർക്ക് ഭൂമി | എ. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ | | ലൈഫ് മിഷൻ വ്യവസ്ഥകൾ ബാധകം. |
| | | ജനറൽ വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 2.00 ലക്ഷം രൂപ | |
| | | പട്ടികജാതി വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 2.25 ലക്ഷം രൂപ | |
| | | പട്ടികവർഗ്ഗവിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 2.25 ലക്ഷം രൂപ | |
| | | ബി. മുനിസിപ്പൽ പ്രദേശങ്ങളിൽ | | |
| | | ജനറൽ വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി – 2.70 ലക്ഷം രൂപ | |
| | | പട്ടികജാതി വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 3.00 ലക്ഷം രൂപ | |
| | | പട്ടികവർഗ്ഗവിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 3.00 ലക്ഷം രൂപ | |
| | | സി. കോർപ്പറേഷൻ പ്രദേശങ്ങളിൽ | | |
| | | ജനറൽ വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 5.25 ലക്ഷം രൂപ | |
| | | പട്ടികജാതി വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 6.00 ലക്ഷം രൂപ | |
| | | പട്ടികവർഗ്ഗവിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 6.00 ലക്ഷം രൂപ | |

-59-

അനുബന്ധം - 2

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - 2024-25 സാമ്പത്തിക വർഷത്തിൽ "2515-00-102-25(P)" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപയുള്ള ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2324/2024/LSGD തീയതി,തിരുവനന്തപുരം, 29-11-2024

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07/09/2024-ലെ LSGD/PD/58283/2023-EPEP1 നമ്പർ കത്ത്.

2. 19/11/2024 തീയതിയിൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്.

ഉത്തരവ്

അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിക്കുള്ള സർക്കാരിന്റെ പ്രത്യേക സഹായധനമായി 50 കോടി രൂപ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "2515-00-102-25(P)" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

2. ടി തുകക്ക് ഭരണാനുമതി നല്കുന്നതിനുള്ള ശുപാർശ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുള്ളത്.

1. High End Treatment Cost for Extreme poor - Rs.60 lakhs

2. Allocation to Kudumbashree for livelihood programmes of Extreme poor - Rs. 2.63 cr.

3. Allocation to Life Mission for Housing of Extreme poor - Rs.46.7150 cr

4. Re- allocation of resumed funds for High End Treatment Cost during previous financial year - Rs.5.5 lakhs.

**TOTAL - Rs. 50 crores**

3. മേൽ ശുപാർശ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി നല്കിയതിൽ 19/11/2024 തീയതിയിൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പരാമർശം (2) പ്രകാരം താഴെപ്പറയുന്ന

നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നല്കിയിട്ടുണ്ട്.

1. Assistance to Houses under this scheme shall be provided only to EPEP beneficiaries under Life mission.

2. Duplication of state share to the same beneficiary under Life Mission shall be avoided.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയ്ക്കായി 2024-25 ബഡ്ജറ്റിൽ "2515-00-102-25(P)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപക്ക് (രൂപ അൻപത് കോടി മാത്രം) മേൽ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ധനകാര്യ (വികസന) വകുപ്പ് (Dev-3/111/2024-Fin)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/213/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 29-11-2024 21:56:27

സെക്ഷൻ ഓഫീസർ